DESPATCHED
On. 19/06/2020
27-2-20.

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

ഹർജി നമ്പർ **AP.No. 2283(5)/19/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 16550/SIC-G7/2019**

**സന്നിഹിത**
**ശ്രീമതി പി.ആർ. ശ്രീലത, സംസ്ഥാനവിവരാവകാശ കമ്മീഷണർ**

ശ്രീ. ജോസ്. എൽ,
ജോസ് ഭവൻ,
സിയോൺകുന്ന്,
വെമ്പായം പി.ഒ – 695 615
} അപ്പീൽഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽഭവൻ, വികാസ് ഭവൻ പി.ഒ,
തിരുവനന്തപുരം – 695 033

അപ്പീൽഅധികാരി &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ,
തിരുവനന്തപുരം – 695 033.
} എതിർകക്ഷികൾ

**ഉത്തരവ്**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 20.05.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 20.06.2019 |
| ഒന്നാംഅപ്പീൽ | 01.07.2019 |
| അപ്പീൽ അധികാരിയുടെതീരുമാനം | 24.07.2019 |
| രണ്ടാംഅപ്പീൽ | 15.10.2019 |
| ഹിയറിംഗ്തീയതി, സ്ഥലം | 18.01.2020, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നില്ല |

1. അപ്പീൽഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, 07.05.2003 ൽ കോഴിക്കോട് ജില്ല കെ.പി.എസ്.സി പുറത്തിറക്കിയ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് (വിവിധം) റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് വേണ്ടി 01.01.2006 നും 01.10.2006 നും ഇടയിൽ ലേബർ കമ്മീഷണർ ഓഫീസിൽ നിന്നും ഹെഡ്ഡ് ഓഫീസ് ഒഴിവായി ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ്/ നൈറ്റ് വാച്ചർ തുടങ്ങിയ ഒഴിവുകൾ

റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ റിട്ടയർമെന്റ് ഒഴിവാണോ ഫ്രഷ് ഒഴിവാണോ റിട്ടയർമെന്റ് ഒഴിവാണെങ്കിൽ റിട്ടയർമെന്റ് തീയതി തുടങ്ങി വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ നേരിൽ കാണാനും അതിന്റെ ശരിപകർപ്പ് എടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. 01.01.2006 നും 01.10.2006 നും ഇടയിൽ ടി ഓഫീസിൽ നിന്നും ആസ്ഥാന ഒഴിവുകൾ ഒന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന് എസ്.പി.ഐ.ഒ മറുപടി നൽകുകയുണ്ടായി.

3. പ്രസ്തുത മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അവ്യക്തതയില്ല എന്നും എന്തുകൊണ്ടാണ് എസ്.പി.ഐ.ഒ നൽകിയ മറുപടി സ്വീകാര്യമല്ലാത്തത് എന്ന് അപ്പീലിൽ ബോധിപ്പിച്ചിട്ടില്ല എന്നും പ്രസ്തുത വിഷയം പരിശോധിക്കുമ്പോൾ 01.01.2006 നും 01.10.2006 നും ഇടയ്ക്ക് പി.എസ്.സിക്ക് ലാസ്റ്റ് ഗ്രേഡ് സർവന്റ്സിന്റെ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തതുമായി ബന്ധപ്പെട്ട് ലേബർ കമ്മീഷണറേറ്റിൽ രജിസ്റ്ററുകൾ ലഭ്യമല്ല എന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നേരിട്ട് കാണുവാനോ പകർപ്പ് എടുക്കുവാനോ ആഗ്രഹിക്കുന്നു എങ്കിൽ സീനിയർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ 29.07.2019 ന് ഉച്ചയ്ക്ക് 3 മണിയ്ക്ക് അല്ലെങ്കിൽ 01.08.2019 പകൽ 11.00 മണിയ്ക്ക് ഐഡന്റിറ്റി തെളിയിക്കുന്ന ഏതെങ്കിലും ഒരു തിരിച്ചറിയൽ കാർഡ് സഹിതം ഹാജരാകണമെന്നും ഈ ദിവസങ്ങളിൽ എന്തെങ്കിലും അസൗകര്യം ടിയാന് ഉണ്ടെങ്കിൽ ഓഫീസിൽ വിളിച്ച് അനുയോജ്യമായ ഒരു ദിവസവും തീയതിയും ടിയാന് നൽകാവുന്നതാണെന്നും അറിയിച്ച് കൊണ്ട് അപ്പീൽ അധികാരി ഒന്നാം അപ്പീൽ തീർപ്പാക്കി.

4. അപ്പീൽ അധികാരിയുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

5. മേൽ പരാമർശ വിഷയവുമായി ബന്ധപ്പെട്ട് ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, എസ്.പി.ഐ.ഒ 20.06.2019 തീയതി നൽകിയ മറുപടിക്കെതിരെ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും ടി അപ്പീൽ ബന്ധപ്പെട്ട രേഖകൾ വച്ച് പരിശോധിച്ചപ്പോൾ 01.01.2006 നും 01.10.2006 നും ഇടയ്ക്ക് പി.എസ്.സിയ്ക്ക്

ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത് ഇ(8) 3350/2006 എന്ന ഫയലിൽ നിന്നാണെന്നും അക്കാലത്ത് പി.എസ്.സിയ്ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്ന് കണ്ടെത്തുകയും ടിയാൻ ആവശ്യപ്പെട്ട രജിസ്റ്റർ കാണുന്നതിനും അതിന്റെ ശരിപകർപ്പ് എടുക്കുന്നതിനുമായതിനാൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകൾ റിപ്പോർട്ട് ചെയ്ത ഫയൽ, അന്നത്തെ ഹെഡ് കാർട്ടേഴ്സ് ഒഴിവിൽ വാച്ച്മാനായ ശ്രീ. ബിജു.എൻ.സിയുടെ സേവന പുസ്തകം എന്നിവ കാണുന്നതിനും പകർപ്പ് എടുക്കുന്നതിനും സമയവും ദിവസവും അനുവദിച്ച് കത്ത് നൽകി എന്നും എന്നാൽ അതിനോട് ടിയാൻ പ്രതികരിക്കാതെയാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത് എന്നുമാണ്.

6. കൂടാതെ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീലുമായി ബന്ധപ്പെട്ട പരാതി സംബന്ധിച്ച് റിപ്പോർട്ടിൽ ഒന്നാം എതിർകക്ഷി നൽകിയിരിക്കുന്നത്, 2006 കാലഘട്ടത്തിൽ ലേബർ കമ്മീഷണർ ഓഫീസിൽ പി.എസ്.സി റിക്രൂട്ട്മെന്റിന്റെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല എന്നും അതിനായി ഇ(8) 3350/2006 നമ്പരിൽ ഒരു ഫയലാണ് മെയിന്റയിൻ ചെയ്തിരുന്നത് എന്നും ലേബർ കമ്മീഷണറേറ്റിലെ ഒരു നൈറ്റ് വാച്ചറുടെ ഒഴിവ് കോഴിക്കോട് പി.എസ്.സിയ്ക്ക് ലേബർ കമ്മീഷണർ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 04.05.2006 ൽ പി.എസ്.സി 3350/06 നമ്പർ മറുപടി കത്ത് നൽകി എന്ന വാദം ശരിയല്ല എന്നും 04.05.2006 ൽ 3350/06 നമ്പർ കത്ത് പ്രകാരം കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലെ ഒരു നൈറ്റ് വാച്ച്മാന്റെ ഒഴിവാണ് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയതത് എന്നും അത് ഹെഡ് ക്വാർട്ടേഴ്സ് ഒഴിവ് അല്ല എന്നുമാണ്.

7. അപ്പീൽഹർജിയും അനുബന്ധരേഖകളും അപ്പീൽ അധികാരിയുടെ റിപ്പോർട്ടും എസ്.പിഐ.ഒയുടെ മൊഴിയും റിപ്പോർട്ടും പരിശോധിക്കുമ്പോൾ, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടതു പ്രകാരം 01.01.2006 നും 01.10.2006 നും ഇടയിൽ ലേബർ കമ്മീഷണറേറ്റിൽ നിന്നും ലാസ്റ്റ് ഗ്രേഡ് സർവന്റ്സ്/നൈറ്റ് വാച്ചർ തസ്തികയിലൊന്നിലും ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. പ്രസ്തുത അപേക്ഷയിൻമേൽ അപ്പീൽഹർജിക്കാരന് എന്തെങ്കിലും സംശയം നിലനിൽക്കുന്നുണ്ട് എങ്കിൽ ഒന്നാം അപ്പീൽ അധികാരിയുടെ

ഒന്നാം അപ്പീൽ തീർപ്പാക്കിയതിൽ പരാമർശിച്ച പ്രകാരം ഫയൽ (File No. E(8)3350/2006 closed as R.Dis) ഓഫീസിൽ നേരിട്ടെത്തി പരിശോധിച്ച് അതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എടുക്കാനോ അന്നത്തെ പ്യൂൺ ശ്രീ. ബിജു. ആർ.സി യുടെ സർവ്വീസ് ബുക്ക് പരിശോധിച്ച് പകർപ്പ് എടുക്കുകയോ ചെയ്യേണ്ടതാണെന്ന് അപ്പീൽഹർജിക്കാരനെ അറിയിക്കുന്നു. മൊത്തത്തിലുള്ള വസ്തുതകൾ പരിശോധി ക്കുമ്പോൾ മേപ്പടി വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട് ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടികൾ വസ്തുതാപരമാണെന്ന് കമ്മീഷന് ബോദ്ധ്യ പ്പെട്ടു. ഈ സാഹചര്യത്തിൽ ഒന്നും രണ്ടും എതിർകക്ഷികളുടെ നടപടികൾ ശരിവച്ച് കൊണ്ട് ഈ അപ്പീൽ ഹർജി **ഇന്നേ ദിവസം 2020 ഫെബ്രുവരി മാസം 27-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMAT.